"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കായിക യുവജനകാര്യ വകുപ്പ് - കളരിപ്പയറ്റിനെ സംബന്ധിച്ച് ആധികാരിക ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കായികയുവജനകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.250/2024/S&YA തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:- 1. 16.02.2023-ലെ സ.ഉ. (സാധാ) നം: 58/2023/കായുവ

2. കായികയുവജനകാര്യ ഡയറക്ടറുടെ 04.09.2024-ലെ എ3-5147/21/ഡി.എസ്.വൈ.എ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരളത്തിന്റെ തനത് ആയോധനകലയായ കളരിപ്പയറ്റിനെ സംബന്ധിച്ച് ഒരു ആധികാരിക ഗ്രന്ഥം (ഇംഗ്ലീഷ്, മലയാളം ഗ്രന്ഥങ്ങൾ) പ്രസിദ്ധീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയെ ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം 9.25 ലക്ഷം അനുവദിച്ച് ഉത്തരവായിരുന്നു.

ഇതിൽ, മലയാള ഗ്രന്ഥം 2023 ഒക്ടോബറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നും ആയതിന് വിവിധ കാരണങ്ങളാൽ ഉദ്ദേശിച്ചതിലും അധികം ചെലവ് വന്നതിനാൽ ഇംഗ്ലീഷ് ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനായി, നിലവിൽ ലഭിച്ചിട്ടുള്ള ഭരണാനുമതിയിൽ മലയാള ഗ്രന്ഥം തയ്യാറാക്കുന്നതിനുള്ള ചെലവുകൾ കഴിഞ്ഞ് ബാക്കി വരുന്ന 77,045/- രൂപയുടെ കൂടെ 1,02,955/- രൂപ അധികമായി അനുവദിക്കണമെന്ന് മലയാള സർവ്വകലാശാല രജിസ്ട്രാർ-ഇൻ-ചാർജ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കളരിപ്പയറ്റിനെ സംബന്ധിച്ച് മലയാളത്തിലും ഇംഗ്ലീഷിലും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി 2204-00-104-59 (പ്ലാൻ) ശീർഷകത്തിൽ 10,27,955/- രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കായിക യുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കളരിപ്പയറ്റിനെ സംബന്ധിച്ച് മലയാളത്തിലും ഇംഗ്ലീഷിലും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി 2204-00-104-59 (പ്ലാൻ) ശീർഷകത്തിൽ 10,27,955/-

രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കായികയുവജനകാര്യ ഡയറക്ടർ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rajee R Pillai
സെക്ഷൻ ഓഫീസർ
Date: 24-10-2024 18:01:52

പകർപ്പ് :- ബഹു.കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായികയുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്